*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

186th Issue - Volume 5, No. 20 **ജാഗ്രത** 28th May 2011


"വത്സലമക്കളെപ്പോലെ നിങ്ങൾ ദൈവത്തെ അനുകരിക്കുന്നവരാകുവിൻ. ക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹത്തിൽ ജീവിക്കുവിൻ. അവിടുന്നു നമുക്കുവേണ്ടി സുരഭിലകാഴ്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു".

(എഫേസോസ് 5 :1-2)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



Saint Philip Neri

## പ്രധാന വാർത്തകൾ

മാർ ജോർജ് ആലഞ്ചേരി സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്

---

പത്താം ക്ലാസ് സാമൂഹ്യപാഠത്തിലെ ഒന്നാംഅധ്യായം പിൻവലിക്കണം: കെസിബിസി

---

പ്രത്യയശാസ്ത്ര പ്രചരണത്തിന്റെ പാഠപുസ്തകം

---

സാമൂഹ്യശാസ്ത്രം -പാഠം-1

---

കത്തോലിക്കാസഭയെ ആക്ഷേപിക്കാൻ വീണ്ടും പാഠപുസ്തകം

## മാർ ജോർജ് ആലഞ്ചേരി സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്



സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായി തക്കല രൂപതാധ്യക്ഷൻ മാർ ജോർജ് ആലഞ്ചേരിയെ തെരഞ്ഞെടുത്തു. സഭാ ആസ്ഥാനമായ കാക്കനാട് മൗ സെന്റ് തോമസിൽ ചേർന്ന മെത്രാൻ സിനഡാണ് അറുപത്താറുകാരനായ മാർ ആലഞ്ചേരിയെ സഭയുടെ മൂന്നാമത്തെ മേജർ ആർച്ച്ബിഷപ്പായി തെരഞ്ഞെടുത്തത്. ചങ്ങനാശേരി അതിരൂപതയിലെ തുരുത്തി ഇടവകാംഗമായ നിയുക്ത മേജർ ആർച്ച്ബിഷപ് എറണാകുളം-അങ്കമാലിഅതിരൂപതയുടെ മെത്രാപ്പോലീത്ത കൂടിയായിരിക്കും. ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അംഗീകാരത്തോടെ വത്തിക്കാനിലും കാക്കനാട് സഭാ കാര്യാലയത്തിലും ഒരേസമയത്തായിരുന്നു പ്രഖ്യാപനം. കാലം ചെയ്ത കർദിനാൾ മാർ വർക്കി വിതയത്തിലിന്റെ പിൻഗാമിയായാണു മാർ ആലഞ്ചേരി തെരഞ്ഞെടുക്കപ്പെട്ടത്. സഭയ്ക്ക് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവി ലഭിച്ച ശേഷം സിനഡു തന്നെ തെരഞ്ഞെടുക്കുന്ന ആദ്യത്തെ മേജർ ആർച്ച്ബിഷപ്പാണു മാർ ജോർജ് ആലഞ്ചേരി.

## പത്താം ക്ലാസ് സാമൂഹ്യപാഠത്തിലെ ഒന്നാംഅധ്യായം പിൻവലിക്കണം: കെസിബിസി

പത്താം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠാവലിയിലെ ഒന്നാം അധ്യായമായ ‘ആധുനിക ലോകത്തിന്റെ ഉദയം’ എന്ന പാഠഭാഗത്തു കത്തോലിക്കാസഭയെ ആക്ഷേപിക്കാനും കുട്ടികളെ തെറ്റിദ്ധരിപ്പിക്കാനുമുള്ള ഗൂഢശ്രമമാണു നടത്തിയിരിക്കുന്നതെന്നു കേരളത്തിലെ കത്തോലിക്കാ മെത്രാന്മാരുടെ സമിതി(കെസിബിസി)ചൂണ്ടിക്കാട്ടി.കത്തോലിക്കാ സഭയുടെ വിശ്വാസ പ്രമാണങ്ങൾ കാലഹരണപ്പെട്ടതാണെന്നു സമർഥിക്കുന്ന ഈ പാഠം പിൻവലിച്ചു പുതിയ പാഠപുസ്തകം തയാറാക്കി കുട്ടികളുടെ കൈയിലെത്തിക്കണമെന്നു കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, വൈസ് പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ.ഫ്രാൻസിസ് കല്ലറയ്ക്കൽ, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ് എന്നിവർ സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു. സംസ്ഥാന ഗവേഷണപരിശീലനസമിതി വേണ്ടരീതിയിൽപഠനം നടത്താതെ എഴുതിയ പുസ്തകമാണിത്. പാശ്ചാത്യരാജ്യങ്ങളിലെ ഫ്യൂഡലിസം കത്തോലിക്കാ സഭയുടെ സൃഷ്ടിയാണെന്ന പാഠഭാഗത്തിലെ പ്രസ്താവന ഗ്രന്ഥസമിതിയുടെ അജ്ഞതയും നിലവാരത്തകർച്ചയുമാണു വ്യക്തമാക്കുന്നത്.

പാഠപുസ്തകത്തിലൂടെ കത്തോലിക്കാസഭയെ അവഹേളിക്കാനും തരം താഴ്ത്താനുമുള്ള ശ്രമം രാഷ്ട്രത്തിന്റെ മതേതരത്വ നിലപാടിനോടുള്ള അനാദരവും രാജ്യദ്രോഹക്കുറ്റവുമാണ്.വിവേകത്തോടെയും പക്വതയോടെയും തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കാത്ത പാഠപുസ്തക കമ്മിറ്റിയിലെയും സംസ്ഥാന ഗവേഷണ പരിശീലന സമിതിയിലെയും അംഗങ്ങളെ പിരിച്ചുവിട്ടു സമിതികൾ പുനഃസംഘടിപ്പിക്കേണ്ടതു രാജ്യത്തു മതേതരത്വം സംരക്ഷിക്കാൻ അത്യാവശ്യമാണെന്നു കെസിബിസി ഓർമിപ്പിച്ചു.

## പ്രത്യയശാസ്ത്ര പ്രചരണത്തിന്റെ പാഠപുസ്തകം

**ഫാ.ഫിലിപ്പ് നെല്പുരപ്പറമ്പിൽ**

കമ്മ്യൂണിസ്റ്റു സർവ്വാധിപത്യത്തിൽ അഭിരമിക്കുന്നവർ എക്കാലത്തും വിദ്യാഭ്യാസ രംഗം തങ്ങളുടെ പ്രത്യയശാസ്ത്ര പ്രചരണത്തിന് ഉപാധിയാക്കാറുണ്ട്. ഒക്ടോബർ വിപ്ലവത്തിനുശേഷം ആറുമാസം കഴിയും മുമ്പേ തന്നെ റഷ്യയിൽ വിദ്യാഭ്യാസ രംഗം തങ്ങളുടെ ആശയപ്രചരണത്തിന് ഉപകരണമാക്കാൻ പാർട്ടി ആരംഭിച്ചു എന്ന് വായിച്ചിട്ടുണ്ട്. 1957 ൽ കേരളത്തിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റു സർക്കാർ സ്വകാര്യവിദ്യാലയങ്ങൾ ദേശസാൽക്കരിക്കാൻ ശ്രമിക്കുക മാത്രമല്ല പാഠപുസ്തകങ്ങളിലൂടെ സർക്കാർ ചെലവിൽ പ്രത്യയശാസ്ത്ര പ്രചരണം നടത്താൻ ആരംഭിക്കുകയും ചെയ്തു. ആസൂത്രിതവും വ്യാപകവുമായ ഈ നീക്കത്തെപ്പറ്റിയുള്ള പഠനറിപ്പോർട്ട് എ.കെ.സി.സി. അന്ന് പ്രസിദ്ധീകരിച്ചിരുന്നു. മൂന്നു വർഷങ്ങൾക്കു മുമ്പ് മതവിരുദ്ധതയെ മഹത്വവൽക്കരിച്ച ‘മതമില്ലാത്ത ജീവൻ’ എന്ന പാഠഭാഗം ഉയർത്തിയ വിവാദങ്ങളും മറക്കാവുന്നതല്ല.

### ചരിത്രത്തിന്റെ മാർക്സിയൻ കാഴ്ചപ്പാട്

പത്താം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകം, പ്രത്യേകിച്ചും അതിലെ ആദ്യ അദ്ധ്യായങ്ങൾ, കേവല ചരിത്രത്തിന്റെ വിവരണമല്ല. വർഗ്ഗസമരസിദ്ധാന്തത്തിലുള്ള ചരിത്രത്തെക്കുറിച്ചുള്ള കാഴ്ചപ്പാടാണ്. ചരിത്രമല്ല കുട്ടികളെ പഠിപ്പിക്കാൻ ശ്രമിക്കുന്നത് പകരം ചരിത്രത്തിന്റെ മാർക്സിസ്റ്റ് വായനയാണ് എന്ന് പറയാം. അതുകൊണ്ടാണ് പാഠപുസ്തകങ്ങളിലുടെ സർക്കാർ ചെലവിൽ പ്രത്യയശാസ്ത്രപ്രചരണവും മതവിരുദ്ധതയുടെ വ്യാപനവുമാണ് പാർട്ടി ലക്ഷ്യമിട്ടിരിക്കുന്നത് എന്ന ആരോപണം ശക്തമാകുന്നത്.

സമൂഹത്തിന്റെ വർഗ്ഗീകരണമാണ് പ്രത്യയശാസ്ത്രക്കാർ നടത്തുന്നത്. അധികാരവർഗ്ഗവും അധീശവർഗ്ഗവും എന്ന വിഭജനത്തെ മുതലാളി വർഗ്ഗവും തൊഴി

ലാളി വർഗ്ഗവും എന്ന നിലയിൽ വേർതിരിച്ചു പ്രചരിപ്പിച്ചിരിക്കുന്നു. ഈ വിഭജനവ്യാഖ്യാനത്തിനപ്പുറം സാമൂഹ്യയാഥാർത്ഥ്യങ്ങളെ വിലയിരുത്താൻ പാഠപുസ്തക രചനക്കു നേതൃത്വം നല്കിയവർക്കു കഴിയുന്നില്ല എന്നതാണ് വ്യക്തമാകുന്നത്. അതിനു കാരണമാകട്ടെ അവരുടെ പ്രത്യയശാസ്ത്ര വിധേയത്വവും.

## എല്ലാതെറ്റും മതത്തിന്റെ തലയിൽ

മുതലാളിയും തൊഴിലാളിയും എന്ന വർഗ്ഗീകരണത്തിന്റെ തുടർച്ചയായി ഇവർ തമ്മിലുള്ള സംഘർഷമായി ചരിത്രത്തെ മുഴുവൻ വിലയിരുത്തുന്നു. ഒപ്പം തങ്ങൾക്ക് അപ്രിയമായതെല്ലാം മുതലാളിത്തത്തിന്റെ കളത്തിലായി ചിത്രീകരിച്ച് അതിനെതിരായ പ്രചരണങ്ങളിലും കൈയ്യേറ്റത്തിലേക്കും നീങ്ങുന്നു. തങ്ങളുടെ സർവ്വാധിപത്യത്തെ എതിർക്കുകയും ഒപ്പം സമൂഹത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന മതവിശ്വാസത്തെയും മതത്തെയും ഇങ്ങനെ മുതലാളിത്തത്തിന്റെ ഭാഗമായി ചിത്രീകരിച്ച് അതിനെതിരായ എല്ലാ നീക്കത്തെയും മഹത്വീകരിക്കുന്ന രീതിയാണ് പ്രത്യയശാസ്ത്രക്കാർ സ്വീകരിക്കുന്നത്. സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിലും പ്രത്യയശാസ്ത്രത്തിന് അടിമകളായവരുടെ നിർമ്മിതി ആയതിനാൽ ഈ ഒരു കാഴ്ചപ്പാടാണ് കാണാൻ കഴിയുന്നത്.

പ്രത്യയശാസ്ത്ര തിമിരം ബാധിച്ചവർ അതുകൊണ്ടുതന്നെ ചില കാലഘട്ടങ്ങളിൽ പലകാരണങ്ങളാൽ ഉളവായ തിന്മകളെ മതവിശ്വാസത്തിന്റെ പ്രത്യേകിച്ചും ക്രൈസ്തവ സഭകളുടെ തലയിൽ കെട്ടിവച്ചുകൊടുക്കും. അങ്ങനെ മതവിരുദ്ധത വളർത്തിയെടുക്കാമെന്നാണ് അവരുടെ കണക്കുകൂട്ടൽ. മദ്ധ്യകാലത്തെ തിന്മകൾ എല്ലാം കത്തോലിക്കാസഭയുടെ തലയിൽ കെട്ടിയേൽപ്പിക്കാനുള്ള 'ചെങ്കണ്ണു' ബാധിച്ചവരുടെ നീക്കമാണ് പുസ്തകത്തിൽ.

## തെറ്റിദ്ധാരണകൾ ചരിത്രമാക്കുന്നു

ചരിത്രപാഠപുസ്തകം തെറ്റുപഠിപ്പിക്കുന്നു, തെറ്റിദ്ധാരണ പരത്തുന്നു, പലയാഥാർത്ഥ്യങ്ങളും അവഗണിക്കുകയും ചെയ്യുന്നു. ക്രൈസ്തവ സഭകളെ പ്രത്യേകിച്ചും കത്തോലിക്കാസഭയെ അപകീർത്തിപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം പാഠപുസ്തകത്തിൽ കാണാം. "ഫ്യൂഡൽ കാലഘട്ടത്തിൽ യൂറോപ്പിൽ വിജ്ഞാന തൃഷ്ണയുടേയും യുക്തിചിന്തയുടേയും മേൽ കത്തോലിക്കാസഭ കർശനനിയന്ത്രണമേർപ്പെടുത്തിയിരുന്നു" (പേജ്-10)എന്നു പറയുന്നത് യാഥാർത്ഥ്യങ്ങൾക്കു നിരക്കാത്തതാണ്. യുക്തി ചിന്തയിലൂന്നിയ പഠനങ്ങൾ സഭയിലും സഭയുടെ പിന്തുണയിലും ശക്തമായിരുന്ന കാലഘട്ടമായിരുന്നു അത് എന്നത് കേവലചരിത്രജ്ഞാനമുള്ളവർക്കുപോലും വ്യക്തമാണ്. നവോത്ഥാനത്തെക്കുറിച്ചു പറയുമ്പോൾ "ഫ്യൂഡൽ പ്രഭുക്കന്മാരും കത്തോലിക്കാസഭയും വിലക്കേർപ്പെടുത്തിയിരുന്ന പ്രാചീന ഗ്രെക്കോ-റോമൻ സംസ്കാരങ്ങളുടെ പുനർജന്മമാണത്. കത്തോലിക്കാസഭ അടിച്ചേല്പിച്ച യുക്തിരഹിതമായ വിശ്വാസത്തെ നിരാകരിക്കാനുള്ള അന്വേഷണത്വരയുടേയും വിമർശനബുദ്ധിയുടേയും ഫലം" (പേജ്-12)എന്നു പഠിപ്പിക്കുന്ന പാഠം ഏറ്റവും കുറച്ചു പറഞ്ഞാൽ യാഥാർത്ഥ്യത്തിനു നിരക്കുന്നതല്ല. അതുപോലെ "കത്തോലിക്കാസഭയുടെ കാലഹരണപ്പെട്ട വിശ്വാസപ്രമാണങ്ങളെ കളിയാക്കുന്നതാണ് ഡച്ചുഭാഷയിൽ ഇറാസ്മസ് രചിച്ച വിഡ്ഢിത്തത്തെ വാഴ്ത്തൽ( In Praise of Folly) എന്ന കൃതി" (പേജ് 14)എന്നൊക്കെ തെറ്റിദ്ധാരണ നല്കുന്ന പാഠഭാഗങ്ങൾ വിദ്യാർത്ഥികൾക്കു തയ്യാറാക്കി നല്കുന്നവർ പ്രത്യയശാസ്ത്രം എത്രമാത്രം തലക്കു പിടിച്ചവരാണന്നു മാത്രം തിരിച്ചറിയാൻ കഴിയുന്നു.

## ഏകപക്ഷീയ കാഴ്ചപ്പാടുകൾ

പ്രൊട്ടസ്റ്റന്റ് നവീകരണത്തെക്കുറിച്ചും കേവലം ഏകപക്ഷീയമായ വിവരങ്ങൾ നല്കാനാണ് പാഠപുസ്തകം ശ്രമിച്ചു കാണുന്നത്(പേജ് -15). അതോടൊപ്പം എല്ലാ ചരിത്ര ആഖ്യാനത്തിലും പ്രത്യയശാസ്ത്രത്തിൽ നിന്നും രൂപമെടുക്കുന്ന മതവിരുദ്ധത തികട്ടിവരുന്നതായും കാണാം. "പള്ളിയേയും പുരോഹിതന്മാരേയും നിശിതമായി വിമർശിച്ച വോൾത്തെയർ ജനങ്ങളെ ഏറെ സ്വാധീനിച്ചു" (പേജ് -28). "മതപീഡനങ്ങളിൽ നിന്ന് രക്ഷനേടാനും സാമ്പത്തികഭദ്രത ആർജ്ജിക്കാനുമായി യൂറോപ്പിൽ നിന്ന് പല കുടുംബങ്ങളും അമേരിക്കൻ വൻകരയിലേക്ക് കുടിയേറിയിരുന്നു" (പേജ് -42). "റോമിലെ കത്തോലിക്കാസഭയുമായി സന്ധിയുണ്ടാക്കിയ മുസലീനി കത്തോലിക്കാമതത്തെ രാഷ്ട്രത്തിന്റെ മതമാക്കുകയും" (പേജ് -71) തുടങ്ങിയ വിവരങ്ങൾ എല്ലാം തന്നെ തെറ്റിദ്ധാരണ പരത്തുന്നതും യാഥാർത്ഥ്യത്തിനു നിരക്കുന്നതുമല്ല.

അതുപോലെ "മതനവീകരണം നിരന്തര യുദ്ധങ്ങൾക്ക് ഇടയാക്കി" (പേജ് 17)എന്ന ആരോപണവും അതിന് കൊണ്ടുവരുന്ന ഉദാഹരണവും ചരിത്രത്തിന്റെ തെറ്റായ വ്യാഖ്യനമായിട്ടാണ് കാണാൻ കഴിയുന്നത്. ചരിത്രത്തിന്റെ മാർക്സിയൻ വ്യാഖ്യാനത്തെ അധികരിച്ച് ഉയർത്തികൊണ്ടുവരുന്ന ബൂർഷ്വാസിയെക്കുറിച്ചുള്ള കാഴ്ചപ്പാടും അത് എങ്ങനെ മുതലാളിത്ത വ്യവസ്ഥ

യായി മാറിയെന്ന വിശദീകരണവും കുട്ടികളുടെ മേൽ കെട്ടിയേൽപ്പിക്കപ്പെടുന്നു(പേജ് 28).

## കമ്മ്യൂണിസത്തെ മഹത്വീകരിക്കുന്നു

കമ്മ്യൂണിസത്തെ മഹത്വീകരിക്കുന്ന പാഠഭാഗങ്ങൾ പുസ്തകത്തിൽ ചേർത്തിരിക്കുന്നതും ശ്രദ്ധേയമാണ്. "പുരോഗമനാശയങ്ങൾ സ്വീകരിക്കുന്നവരെ ഇടതുപക്ഷം എന്ന് തുടർന്നും പറയാറുണ്ട് " (പേജ് 61) എന്ന് ഇടതുപക്ഷത്തെ മഹത്വീകരിക്കുന്ന ഭാഗം ഇതിന് ഉദാഹരണമാണ്. അതുപോലെ അമേരിക്കൻ സമൂഹത്തെയും സോവിയറ്റ് സമൂഹത്തെയും താരതമ്യം ചെയ്യുമ്പോൾ "യു.എസ്.എ. ഏറ്റവും വലിയ ധനികരാജ്യം. എന്നാൽ സമ്പത്തിന്റെ തുരുത്തുകളും പട്ടിണിയുടെ തുരുത്തുകളും ഒരേ സമയം നിലനിൽക്കുന്നു" എന്നു പറയുമ്പോൾ "തൊഴിലില്ലായമയും ദാരിദ്ര്യവും തീരെ കുറവാണ് എന്നാൽ ഒരു റഷ്യക്കാരന്റെ ജീവിതനിലവാരം ശരാശരി അമേരിക്കക്കാരനേക്കാൾ താഴെയാണ്" (പേജ് 88) എന്ന് റഷ്യയെക്കുറിച്ചും പാഠപുസ്തകം പ്രസ്താവിക്കുന്നു. ഇത് യാഥാർത്ഥ്യമല്ല എന്ന് സാമാന്യം ലോകപരിചയമുള്ളവർ പോലും തിരിച്ചറിയും.

## തമസ്കരിക്കുന്നചരിത്രം

സമൂഹത്തിന്റെ പിഴവുകൾ കത്തോലിക്കാസഭയുടെ മേൽ കെട്ടിവയ്ക്കുന്ന, തെറ്റുകൾ പർവ്വതീകരിക്കുന്ന, നിലപാടുകളെപ്പറ്റി തെറ്റിദ്ധാരണ പരത്താൻ ബോധപൂർവ്വം ശ്രമിക്കുന്ന പാഠപുസ്തകം കമ്മ്യൂണിസ്റ്റു റഷ്യയുടെ സാമ്രാജ്യത്വ വികസനവും സ്റ്റാലിന്റെ ഹിറ്റ്ലറെമറികടന്ന ക്രൂരതകളും കൊലപാതകങ്ങളും മറക്കുകയോമറയ്ക്കുകയോ ചെയ്യുന്നതും ശ്രദ്ധിക്കേണ്ടതാണ്. ലോകമഹായുദ്ധത്തിൽ മരിച്ചവരേക്കാൾ കൂടുതൽ പേരെ കമ്മ്യൂണിസ്റ്റു ഗവൺമെന്റുകൾ വധിച്ചിട്ടുണ്ട് എന്നാണ് ചരിത്രം നല്കുന്ന കണക്കുകളും സാക്ഷ്യവും. കമ്മ്യൂണിസ്റ്റു പീഡനകേന്ദ്രങ്ങളെക്കുറിച്ചും പാഠപുസ്തകം ഒന്നുംപറയുന്നില്ല.

## തെറ്റായവിവരങ്ങൾ

കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയെക്കുറിച്ച് "ഭൂമി നഷ്ടപ്പെട്ട ജന്മിമാരും അദ്ധ്യപകനിയമനാധികാരം നഷ്ടപ്പെട്ട മാനേജർമാരും സർക്കാരിനെതിരെ ശബ്ദമുയർത്തി. വിമോചനസമരം എന്ന പേരിൽ നാടിന്റെ നാനാഭാഗത്തും ഇത് ആവിഷ്കൃതമായി. ഈ സന്ദർഭത്തിൽ സംസ്ഥാനത്തെ ക്രമസമാധാനം തകർന്നു എന്ന കാരണം പറഞ്ഞ് ഭരണഘടനയുടെ 356-ാം വകുപ്പുപയോഗിച്ച് രാഷ്ട്രപതി 1959 ൽ ഈ മന്ത്രിസഭ പിരിച്ചു വിട്ടു. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഒരു ഗവൺമെന്റിനെ പുറത്താക്കിയ ആദ്യാനുഭവമായിരുന്നു ഇത്" (പേജ് 130)എന്നു പറയുന്നു.

അദ്ധ്യാപക നിയമനം സർക്കാരിന് ഏറ്റെടുക്കാൻ കഴിഞ്ഞില്ല എന്ന യാഥാർത്ഥ്യം മറച്ച് തെറ്റിദ്ധാരണ നല്കുകയാണ് ഈഭാഗം അതുപോലെ ഭൂവിനിയോഗബില്ലും നടപ്പിലാക്കിയില്ല. എന്നാൽ പാർട്ടിയുടെ സെൽ ഭരണവും അക്രമങ്ങളുമാണ് തകർന്ന ക്രമസമാധാനത്തെ അടിസ്ഥാനമാക്കിയുള്ള ജനമുന്നേറ്റത്തിനു കാരണമായത്.വോട്ടുനേടി ജയിക്കുന്ന പാർട്ടി എന്തു പീഡനമുറകൾ സ്വീകരിച്ചാലും അഞ്ചു വർഷം സഹിക്കുന്നതാണ് ജനാധിപത്യമെന്ന് കേരള ജനത ചിന്തിക്കുന്നില്ല എന്നതാണു യാഥാർത്ഥ്യം. ജനാധിപത്യരീതിയിൽത്തന്നെ തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കു മുഴുവനുമായുള്ള ഗവൺമെന്റാണ് ക്രമസമാധാനം തകർന്ന പ്രാദേശിക സംസ്ഥാനത്തെ സർക്കാരിനെ പിരിച്ചുവിടാൻ തീരുമാനിച്ചത്. ജനാധിപത്യത്തെ ഏറ്റവും കൂടുതൽ മാനിക്കുന്ന ജവഹർലാൽ നെഹ്റുവാണ് തീരുമാനത്തിനും പ്രേരിപ്പിച്ചതും.

## മാർപ്പാപ്പയും തെറ്റ് ഏറ്റു പറയലും

മദ്ധ്യകാലത്തെ എല്ലാ തിന്മകളും കത്തോലിക്കാസഭ ഏറ്റെടുത്തു മാപ്പു പറഞ്ഞു എന്നു പറയുന്നത് കേവലവായാടിത്തമാണ്. തെറ്റുകൾ ഏറ്റു പറയാനും തിരുത്താനും സഭ എന്നും സന്നദ്ധയാണ്. അതുകൊണ്ട് ചെയ്യാത്ത തെറ്റുകൾ ഏറ്റപറയണമെന്ന് തെറ്റാവരക്കാരായി നിന്ന് ചിലർ കല്പിച്ചാൽ അത് അംഗീകരിക്കാനാവില്ല. മാർപ്പാപ്പ മാപ്പിരക്കുന്നത് ചെയ്ത തെറ്റുകൾക്കാണ്. ഇവിടെ പ്രത്യേയശാസ്ത്രക്കാർ ഹിറ്റ്ലറിനെക്കാൾ വലിയ ക്രൂരത ചെയ്ത സ്റ്റാലിനെ ചില്ലിട്ടുവച്ചു പൂജിക്കുകയും ചരിത്രത്തിലെ തിന്മകളെല്ലാം ക്രൈസ്തവരുടെ മേൽ ആരോപിക്കുകയും അത് കുട്ടികളുടെ മസ്തിഷ്ക്ക പ്രഷാളനത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു.

നമ്മുടെ വിദ്യാർത്ഥികൾ ചരിത്രം പഠിക്കണോ അതോ ചരിത്രത്തിന്റെ പ്രത്യയശാസ്ത്ര

വീക്ഷ്ണങ്ങൾ പഠിക്കണോ എന്നതാണു ചോദ്യം. മതവിരുദ്ധതയാണോ ഇന്ത്യൻ മതേതരത്വമാണോ നമ്മുടെ വിദ്യാർത്ഥികൾ ഉൾക്കൊള്ളേണ്ടത് ? തെറ്റായ വിവരങ്ങളും തെറ്റിദ്ധാരണകളും മതവിരുദ്ധതയും കുട്ടികളുടെ തലയിൽ കെട്ടിവയ്ക്കുന്ന പാഠപുസ്തകം തയ്യാറാക്കിയവരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർ തയ്യാറായില്ലെങ്കിൽ അത് സമൂഹത്തോടു ചെയ്യുന്ന വലിയ അപരാധമായിരിക്കും.

## ക്ലാസ് 10

## സാമൂഹ്യശാസ്ത്രം -പാഠം-1

---

1)' 'ഫ്യൂഡൽ കാലഘട്ടത്തിൽ യൂറോപ്പിൽ വിജ്ഞാന തൃഷ്ണയുടേയും യുക്തിചിന്തയുടേയുംമേൽകത്തോലിക്കാസഭ കർശനനിയന്ത്രണമേർപ്പെടുത്തിയിരുന്നു" (പേജ് 10)

2) നവോത്ഥാനം; "ഫ്യൂഡൽ പ്രഭുക്കന്മാരും കത്തോലിക്കാസഭയും വിലക്കേർപ്പെടുത്തിയിരുന്നപ്രാചീന ഗ്രെക്കോ-റോമൻ സംസ്കാരങ്ങളുടെ പുനർജന്മമാണത്. കത്തോലിക്കാസഭ അടിച്ചേല്പിച്ചയുക്തിരഹിതമായ വിശ്വാസത്തെ നിരാകരിക്കാനുള്ള അന്വേഷണത്വരയുടേയും വിമർശനബുദ്ധിയുടേയും ഫലം. ഇത് പെട്ടെന്ന് ഒരു ദിവസം കൊണ്ടുണ്ടായതല്ല" (പേജ്-12)

3) ''സ്വർഗസ്ഥനായദൈവത്തിന്റെയും പുണ്യാളന്മാരുടെയും മാലാഖമാരുടെയും അപദാനങ്ങളെ വാഴ്ത്തുന്ന മധ്യകാല സാഹിത്യ ശൈലിയിൽനിന്നു വ്യത്യസ്തമായിവെറും മനുഷ്യരുടെ വിചാര വികാര ങ്ങളെ പ്രതിഫലിപ്പിക്കുന്ന തായിരുന്നു പെട്രാർക്കിന്റെ ഗീതകങ്ങൾ" (പേജ് 13)

4) ''ശാന്തഗംഭീരനായിരിക്കുന്ന യേശുവിനെയും സംശയദൃഷ്ടിയോടെ പരസ്പരം വീക്ഷിക്കുന്ന ശിഷ്യന്മാരെയും അവതരിപ്പിക്കുന്ന ''അവസാനത്തെ അത്താഴത്തിലും" (Last Supper)(പേജ് 14)

5) "കത്തോലിക്കാസഭയുടെ കാലഹരണപ്പെട്ട വിശ്വാസ പ്രമാണങ്ങളെ കളിയാക്കുന്നതാണ് ഡച്ചു ഭാഷയിൽ ഇറാസ്മസ് രചിച്ച 'വിഢ്ഢിത്തത്തെ വാഴ്ത്തൽ' ( In Praise of Folly) എന്നകൃതി" (പേജ ് 14)

6) "സഭയ്ക്കുനേരെ എതിർപ്പുകൾ ഉയർന്നുവന്നിരുന്നു. ഉദാഹരണത്തിന് ഓക്സ്ഫഡിലെ ജോൺ വൈക്ലിഫ് (1324-1384),പ്രാഹയിലെ ജോൺ ഹസ്സ് (1369-1415) എന്നിവർ സഭയിൽ നിലനിന്നിരുന്ന അഴിമതിയേയും ഐഹികതയേയും ചോദ്യം ചെയ്തു. അവരെല്ലാം ശിക്ഷിക്കപ്പെട്ടു" (പേജ് 15)

7) " പതിനാറാം നൂറ്റാണ്ടിൽ കത്തോലിക്കാസഭ ഒരു സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടു. സെന്റ് പീറ്റേഴ്സ് ദേവാലയത്തിന്റെ പുനർനിർമ്മാണം പോലുള്ള നിരവധി പദ്ധതികൾ വൻ സാമ്പത്തിക ബാധ്യത ഉള്ളതായിരുന്നു. ഇതു മറികടക്കാൻ കത്തോലിക്കാ സഭയിൽ മാർപ്പാപ്പ ധാരാളം പദവികൾ സൃഷ്ടിച്ച് വിറ്റു. ഏറെ അപകീർത്തികരമായ മറ്റൊരു നടപടിയായിരുന്നു 'പാപപരിഹാര വില്പന'.പാപപരിഹാരത്തിനുള്ള ഉപാധിയായി സാധാരണക്കാർക്ക് 'പാപമുക്തിപത്രം' (Indulgences ) വിറ്റു സഭ പണമുണ്ടാക്കി. അധികാരദുർവിനിയോഗം വളരെയധികം വർദ്ധിച്ചു" (പേജ് -15)

8) "മതത്തിന്റെ പേരിലുള്ള യുദ്ധങ്ങൾ; കത്തോലിക്കനായ ഹാബ്സ്ബർഗ് രാജാവും ജർമ്മനിയിലെ പ്രൊട്ടസ്റ്റൻസ് രാജകുമാരനും തമ്മിലായിരുന്നു ഇത് " (പേജ് -17)

9) "ഈ മധ്യവർഗ്ഗത്തെയാണ് ബൂർഷ്വാ എന്നു വിളിച്ചിരുന്നത്. ഇവരുടെ പിൻമുറക്കാർ പ്യാപാരത്തിലൂടെയും കടൽക്കൊള്ളയിതൂടെയും നേടിയ സമ്പത്തുപയോഗിച്ച് വ്യവസായശാലകൾ ആരംഭിച്ചു. ഇവരായിരുന്നു മുതലാളിത്ത വ്യവസ്ഥയുടെ സ്ഥാപകർ" (പേജ് -28)

10) "പള്ളിയേയും പുരോഹിതന്മാരേയും നിശിതമായി വിമർശിച്ച വോൾത്തെയർ ജനങ്ങളെ ഏറെ സ്വാധീനിച്ചു" (പേജ് -28)

11) "മതപീഡനങ്ങളിൽ നിന്ന് രക്ഷനേടാനും സാമ്പത്തികഭദ്രത ആർജ്ജിക്കാനുമായി യൂറോപ്പിൽ നിന്ന് പല കുടുംബങ്ങളും അമേരിക്കൻ വൻകരയിലേക്ക് കുടിയേറിയിരുന്നു" (പേജ് -42)

12) "വിപ്ലവത്തിനും പണിമുടക്കിനും പകരം പരിഷ്കരണവും തെരഞ്ഞെടുപ്പും മതിയെന്ന് വാദിച്ചുകൊണ്ടാണ് മെൻഷെവിക്കുകൾ വേർപിരിഞ്ഞത്" (പേജ് 61)

13) "പുരോഗമനാശയങ്ങൾ സ്വീകരിക്കുന്നവരെ ഇടതുപക്ഷം എന്ന് തുടർന്നും പറയാറുണ്ട്" (പേജ് 61)

14) "റോമിലെ കത്തോലിക്കാസഭയുമായി സന്ധിയുണ്ടാക്കിയ മുസലീനി കത്തോലിക്കാമതത്തെ രാഷ്ട്രത്തിന്റെ മതമാക്കുകയും തന്റെ ഭരണത്തിന്...." (പേജ് -71)

15) "യു.എസ്.എ. ഏറ്റവും വലിയ ധനികരാജ്യം. എന്നാൽ സമ്പത്തിന്റെ തുരുത്തുകളും പട്ടിണിയുടെ തുരുത്തുകളും ഒരേ സമയം നിലനിൽക്കുന്നു" (പേജ് -88)

"തൊഴിലില്ലായമയും ദാരിദ്ര്യവും തീരെ കുറവാണ് എന്നാൽ ഒരു റഷ്യക്കാരന്റെ ജീവിതനിലവാരം ശരാശരി അമേരിക്കക്കാരനേക്കാൾ താഴെയാണ്" (പേജ് 88)

16) "കുടിഒഴിപ്പിക്കൽ നിരോധനനിയമവും പാട്ടകുടിയാന് ഭൂമിയിൽ സ്ഥിരാവകാശം നൽകുന്ന കാർഷികബന്ധബില്ലും വിദ്യാലയനടത്തിപ്പിൽ സ്വകാര്യമാനേജ്മെന്റിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ ബില്ലും നിയമസഭ പാസ്സാക്കി. ഭൂമി നഷ്ടപ്പെട്ട ജന്മിമാരും അദ്ധ്യപകനിയമനാധികാരം നഷ്ടപ്പെട്ട മാനേ

ജർമാരും സർക്കാരിനെതിരെ ശബ്ദമുയർത്തി. വിമോചനസമരം എന്ന പേരിൽ നാടിന്റെ നാനാ ഭാഗത്തും ഇത് ആവിഷ്കൃതമായി" (പേജ് -130)

## കത്തോലിക്കാസഭയെ ആക്ഷേപിക്കാൻ വീണ്ടും പാഠപുസ്തകം

---

ഡോ. സ്റ്റീഫൻ ആലത്തറ

കേരളസംസ്ഥാന വിദ്യാഭ്യാസവകുപ്പ് ഈ അധ്യയനവർഷം മുതൽ പത്താംക്ലാസ്സിൽ പഠിപ്പി ക്കുന്നതിനായി തയ്യാറാക്കിയിരിക്കുന്ന സാമൂഹികശാസ്ത്ര പാഠപുസ്തകം ചരിത്രത്തെ ദുർവ്യാഖ്യാനം ചെയ്ത് കത്തോലിക്കാസഭയെ ആക്ഷേപിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി (SCERT) തയ്യാറാക്കിയിരിക്കുന്ന പാഠപുസ്തകത്തിലെ ആദ്യഅധ്യായം ആധുനികലോകത്തിന്റെ ഉദയം എന്ന പാഠത്തിലാണ് ചരിത്രം വളച്ചൊടിച്ച് സഭയെ അവഹേളിക്കാനുള്ള ഗൂഢശ്രമം നടത്തിയിരിക്കുന്നത്. വിവരവും വിവേകവും ഇല്ലാത്ത ബുദ്ധിജീവികൾ അടങ്ങിയ ഇരുപതംഗ പാഠപുസ്തകസമിതിയിൽ പേരിനുമാത്രം ഒരു കത്തോലിക്കനെ ഉൾപ്പെടുത്തി കത്തോലിക്കാവിശ്വാസികളെ പരിഹസിക്കാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. രണ്ടു വർഷം മുമ്പ് ഏഴാം ക്ലാസ്സിലെ സാമൂഹികശാസ്ത്ര പാഠാവലി ഏറെ വിവാദമാകുകയും പുസ്തകത്തിലെ മതമില്ലാത്തജീവൻ എന്ന അധ്യായത്തിന്റെ പേരിൽ കേരള സമൂഹത്തിൽ ഏറെ അസ്വസ്ഥതകൾ സൃഷ്ടിക്കുകയും ചെയ്തതിൽ നിന്ന് പാഠം ഉൾക്കൊള്ളാതെയാണ് വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി വിവാദമാകുന്ന അധ്യായം ചേർത്ത് പാഠപുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

പത്താംക്ലാസിലെ സാമൂഹികപാഠപുസ്തകത്തിലെ ഒന്നാം അധ്യായം പിൻവലിച്ച് പുതിയ പാഠപുസ്തകം കുട്ടികൾക്ക് പഠിക്കാൻ നല്കണമെന്നും സംസ്ഥാനവിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതിയിലെയും (SCERT) പാഠപുസ്തക കമ്മറ്റിയിലെയും എല്ലാ അംഗങ്ങളെയും പിരിച്ചുവിട്ട് അവ പുനഃസംഘടിപ്പിക്കണമെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതി ഇതിനോടകം ആവശ്യപ്പെട്ടിട്ടുണ്ട്. ചരിത്രത്തെ നിരീശ്വരവാദപ്രത്യയശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കാനും കത്തോലിക്കാസഭയെക്കുറിച്ച് തെറ്റിദ്ധാരണകൾ കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കാനുമുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ ഭരണഘടന വിഭാവനചെയ്യുന്ന മതേതരത്വത്തോടുള്ള അനാദരവും വെല്ലുവിളിയുമാണ് ഈ പാഠം. അതുകൊണ്ടുതന്നെ പാഠപുസ്തകം തയ്യാറാക്കിയിട്ടുള്ളവർ രാജ്യദ്രോഹകുറ്റമാണ് ചെയ്തിരിക്കുന്നത്. പാശ്ചാത്യലോകചരിത്രത്തെക്കുറിച്ചും വിദേശരാജ്യങ്ങളിൽ പ്രസ്തുത കാലഘട്ടത്തിൽ വളർന്നുവന്ന സംഭവവികാസങ്ങളെക്കുറിച്ചും ഗ്രന്ഥരചനാസമിതി ആഴത്തിൽ പഠനം നടത്താതെ തയ്യാറാക്കിയ പുസ്തകമാണിത്. നമ്മുടെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ചയിലേക്കും സംസ്ഥാന വിദ്യാഭ്യാസഗവേഷണ പരിശീലനസമിതിയിലെ അംഗങ്ങളുടെ കഴിവില്ലായ്മയിലേക്കുമാണ് പാഠപുസ്തകം വിരൽ ചൂണ്ടുന്നത്.

### ഫ്യൂഡലിസം സഭയുടെ സൃഷ്ടിയോ?

ലോകത്തിലെ പല തിന്മകൾക്കും കാരണം കത്തോലിക്കാസഭയാണെന്നും സഭ കാലഹരണപ്പെട്ട വിശ്വാസപ്രമാണങ്ങളെയാണ് മുറുകെ പിടിക്കുന്നതെന്നും പുസ്തകം അവതരിപ്പിക്കുന്നു. ഫ്യൂഡൽകാലഘട്ടത്തിൽ യൂറോപ്പിൽ വിജ്ഞാനതൃഷ്ണയുടെയും യുക്തിചിന്തയുടെയും മേൽ കത്തോലിക്കാസഭ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു (പേജ് 10). സത്യത്തിൽ ഫ്യൂഡലിസം കത്തോലിക്കാസഭയുടെ സൃഷ്ടിയല്ല. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഫ്യൂഡലിസം ബാധിക്കുകയുണ്ടായി. രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക വൈജ്ഞാനിക മേഖലകളിലും മതവിശ്വാസത്തിലും ആചാരങ്ങളിലും ഫ്യൂഡലിസം സ്വാധീനിക്കുകയുണ്ടായി. മധ്യശതകങ്ങളിൽ വിജ്ഞാനമേഖലയിൽ കത്തോലിക്കാസഭ നിയന്ത്രണം ഏർപ്പെടുത്തി എന്നു പറയുന്നത് പൂർണമായും സത്യവിരുദ്ധമാണ്. ഫ്യൂഡലിസത്തിന്റെ മുഴുവൻ കാരണം കത്തോലിക്കാസഭയാണെന്നു പറയുന്നത് ചരിത്രത്തോടുള്ള വഞ്ചനയാണ്. മധ്യശതകത്തിലെ പണ്ഡിതന്മാരായ തോമസ് അക്വീനാസ്, ആൻസലം, ബൊനവഞ്ചർ എന്നിവർ വളർന്നുവന്നത് സഭയുടെ പശ്ചാത്തലത്തിലാണ്. ഇവരുടെ കൃതികളിൽ വിശ്വാസത്തിൽ യുക്തിചിന്തയുടെ പങ്കിനെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. വിശ്വാസം യുക്തിയിൽ അധിഷ്ഠിതമാണെന്നും വിശ്വാസം യുക്തിയ്ക്കപ്പുറത്തേക്ക് എത്തിനില്ക്കുന്നുവെന്നുമുള്ള ആപ്തവാക്യം കത്തോലിക്കാസഭയിൽ വന്നതുതന്നെ മധ്യശതകത്തിലാണ്.

### നവോത്ഥാനത്തിന് പുതിയ നിർവചനം

പാശ്ചാത്യരാജ്യത്ത് നിലനിന്നിരുന്ന നവോത്ഥാനത്തിന് പാഠപുസ്തകം നല്കുന്ന നിർവചനം രസാവഹമാണ്. നവോത്ഥാനം എന്നത് കത്തോലിക്കാസഭ വിലക്കേർപ്പെടുത്തിയിരുന്ന ഗ്രെക്കോ-റോമൻ സംസ്കാരങ്ങളുടെ പുനർജന്മമാണ്. കത്തോലിക്കാസഭ അടിച്ചേൽപ്പിച്ച യുക്തിരഹിതമായ വിശ്വാസത്തെ നിരാകരിക്കാനുള്ള അന്വേഷണത്വരയുടെയും വിമർശനബുദ്ധിയുടെയും ഫലമാണ് നവോത്ഥാനം (പേജ് 12). സ്വർഗസ്ഥനായ ദൈവത്തിന്റെയും പുണ്യവാളന്മാരുടെയും മാലാഖമാരുടെയും അപദാനങ്ങളെ വാഴ്ത്തുന്ന മധ്യകാല സാഹിത്യശൈലിയിൽ നിന്ന് വ്യത്യസ്തമായി

വെറും മനുഷ്യരുടെ വിചാരങ്ങളെ പ്രതിഫലിപ്പിക്കുന്നവയായിരുന്നു (പേജ് 13) നവോത്ഥാനകാലഘട്ടത്തിലെ കൃതികളെന്ന് പാഠപുസ്തകം വിവരിക്കുന്നു. പാഠഭാഗത്ത് നവോത്ഥാനകലയെ അവതരിപ്പിക്കുന്ന ഭാഗത്തും സഭയെ അവഹേളിക്കാൻ ശ്രമം നടത്തിയിരിക്കുന്നു. മാലാഖമാരുടെ ചിത്രങ്ങൾ വിരസമായി അവതരിപ്പിക്കുന്ന മധ്യകാല ശൈലിയിൽ നിന്ന് വിഭിന്നമായി മനുഷ്യസ്ത്രീയുടെ ഭാവദീപ്തമായ മുഖമാണ് മോണാലിസയിൽ ദർശിക്കാൻ സാധിക്കുക (പേജ് 13). നവോത്ഥാനകാലഘട്ടത്തിൽ സഭ നല്കിയ നിസ്തുലമായ സംഭാവനകൾ വിസ്മരിച്ചുകൊണ്ടാണ് കത്തോലിക്കാസഭയെ ആക്രമിക്കാനുള്ള വ്യക്തമായ അജണ്ട ഈ ഭാഗത്തു തിരുകിചേർത്തിരിക്കുന്നത്. റോമൻ സാമ്രാജ്യത്തിന്റെ അന്ത്യത്തിനും എ.ഡി. പത്താം നൂറ്റാണ്ടിനും ഇടയിൽ ലോകമാകെ ബാധിച്ച ഇരുണ്ടയുഗത്തിനും ശേഷം യൂറോപ്യൻ രാജ്യങ്ങളിൽ സാഹിത്യം, തത്ത്വശാസ്ത്രം, കല, രാഷ്ട്രീയം, ശാസ്ത്രം, മതം എന്നീ മേഖലകളിലുണ്ടായ പുനർജന്മമാണ് നവോത്ഥാനം എന്നാണ് എൻസൈക്ലോപീഡിയകൾ നിർവചിക്കുന്നത്. നവോത്ഥാനത്തിന് പാഠപുസ്തകം പുതിയ നിർവചനം നല്കുന്നതിലൂടെ സഭയെ ആക്ഷേപിക്കുക മാത്രമല്ല കുട്ടികളെ നവോത്ഥാനത്തെക്കുറിച്ച് തെറ്റായ വിവരം പഠിപ്പിക്കുകയും ചെയ്യുന്നു.

### യേശുവിനെ സംശയിക്കുന്ന ശിഷ്യന്മാരോ?

നവോത്ഥാനകലയുടെ മാനവികത പ്രകടമാക്കാൻ ഡാവിഞ്ചിയുടെ വിശ്വപ്രസിദ്ധമായ അന്ത്യ അത്താഴവും ഉപകരണമാക്കിയിരിക്കുന്നു. ശാന്ത ഗംഭീരനായിരിക്കുന്ന യേശുവിനെയും സംശയദൃഷ്ടിയോടെ പരസ്പരം വീക്ഷിക്കുന്ന പന്ത്രണ്ട് ശിഷ്യന്മാരെയും അവതരിപ്പിക്കുന്ന അവസാനത്തെ ഡാവിഞ്ചിയുടെ മാനവികത പ്രകടമാണ് (പേജ് 14). പാഠപുസ്തകത്തിലെ ഈ വരികളിൽ രചയിതാവ് കണ്ട മാനവികത എന്താണെന്നോ ഏത് കാരണത്തെ പ്രതിയാണ് ശിഷ്യന്മാർ യേശുവിനെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നതെന്നോ രചയിതാവ് വ്യക്തമാക്കുന്നില്ല. ഈ പാഠഭാഗം കുട്ടികളിൽ ചില സംശയത്തിന്റെ മനോഭാവം ഉണർത്താൻ മാത്രമേ സാധിക്കൂ. ക്രൈസ്തവർ പരിശുദ്ധമായിക്കാണുന്ന അന്ത്യഅത്താഴചിത്രം പരിശുദ്ധ കുർബാനയെന്ന പവിത്രമായ കൂദാശയുടെ സ്ഥാപനത്തിന്റെ പ്രതീകമാണ്. ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമായ കുർബാനയുടെ സ്ഥാപനസംഭവം ഏറെ വികാരവായ്പോടെയാണ് വിശ്വാസികൾ അനുഷ്ഠിക്കുന്നത്. യേശുവിന്റെ കൈകളിൽ നിന്ന് ശിഷ്യന്മാർ അപ്പം വാങ്ങിയ അവസരത്തിൽ ഈശോ ശിഷ്യന്മാരോട് പറയുന്നു, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും (മത്തായി 26:21-22). കർത്താവേ അത് ഞാൻ അല്ലല്ലോ എന്ന ഓരോരുത്തരും അവനോടു ചോദിക്കാൻ തുടങ്ങി. ഇതാണ് അവിടെ സംഭവിച്ചത്. ശിഷ്യർ പരസ്പരം സംശയത്തോടെ നോക്കുകയല്ല, കർത്താവിനോടു ചോദിക്കുകയാണ്. 26:25-ൽ അവനെ ഒറ്റിക്കൊടുക്കാനിരുന്ന യൂദാസ് അവനോടു ചോദിച്ചു: ഗുരോ, അതു ഞാനോ? അവൻ പറഞ്ഞു: നീ പറഞ്ഞുകഴിഞ്ഞു. ഹൃദയസ്പർശിയായ ഈ രംഗത്തിന്റെ പശ്ചാത്തലം വ്യക്തമായി പഠിക്കാതെ വികലമായ അവതരണം നടത്തി ക്രൈസ്തവവിശ്വാസത്തെ താറടിച്ച് കാണിക്കാനാണ് രചയിതാവ് പരിശ്രമിക്കുന്നത്.

### കത്തോലിക്കാസഭയുടെ വിശ്വാസം കാലഹരണപ്പെട്ടതെന്ന്

കത്തോലിക്കാസഭ മുറുകെപ്പിടിക്കുന്ന വിശ്വാസസത്യങ്ങൾ കാലഹരണപ്പെട്ടതാണെന്ന് കാണിച്ച് സഭയെ കളിയാക്കാനാണ് ആദ്യഅധ്യായം പരിശ്രമിക്കുന്നത് (പേജ് 14). ഇതിന് രചയിതാവ് കൂട്ടുപിടിച്ചിരിക്കുന്നത് ഡച്ചുഭാഷയിൽ ഇറാസ്മസ് രചിച്ച വിഡ്ഢിത്തത്തെ വാഴ്ത്തൽ (In Praise of Folly) എന്ന കൃതിയാണ്. ഇത് വായിക്കുന്ന ആർക്കും തോന്നുക മധ്യശതകത്തിൽ ലോകത്തിലുണ്ടായ പല പ്രശ്നങ്ങൾക്കും കാരണം സഭയുടെ കാലഹരണപ്പെട്ട വിശ്വാസപ്രമാണങ്ങളാണെന്നാണ്. ഗ്രന്ഥകർത്താവ് കാലഹരണപ്പെട്ടതെന്ന് പറയുന്ന വിശ്വാസമാണ് ലോകചരിത്രത്തിന്റെ ആരംഭം മുതൽ ഇന്നോളം സ്ഥായിയായി നിലനിന്നിട്ടുള്ളത്. ഇതിനിടയിൽ ഉയർന്നുവന്ന പല രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളും വന്നപോലെ തന്നെ നാമാവശേഷമായി. കത്തോലിക്കാസഭ ഉയർത്തിപ്പിടിച്ച വിശ്വാസസംഹിതകളാണ് പിൽക്കാലത്ത് ലോകത്തിന് മാനുഷികമൂല്യങ്ങൾ പകർന്നു നല്കിയത്.

### സഭയിൽ നിറയെ അഴിമതിയെന്നു വിമർശനം

മതനവീകരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗത്താണ് സഭയിൽ മധ്യകാലഘട്ടത്തിൽ നിറയെ അഴിമതിയും ഐഹികതയും നിറഞ്ഞു നിന്നിരുന്നെന്ന് പറയുന്നത് (പേജ് 15). ഇതിനെതിരെയാണ് മതനവീകരണം (Reformation) ഉണ്ടായതെന്ന തെറ്റിധാരണയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. ജോൺ വൈക്ലിഫ്, ജോൺ ഹസ്സ് എന്നിവർ സഭയിൽ നിലനിന്നിരുന്ന അഴിമതിയെയും ഐഹികതയെയും ചോദ്യം ചെയ്തു. അവരെല്ലാം ശിക്ഷിക്കപ്പെട്ടു. അവരുടെ ഉദ്യമങ്ങൾക്കൊന്നും തന്നെ കാര്യമായ ചലനങ്ങൾ ഉണ്ടാക്കാൻ സാധിച്ചില്ല. ധർമ്മിഷ്ഠരായ അനേകം വിശ്വാസികൾ, പ്രത്യേകിച്ച് നഗരവാസികൾ, പൗരോഹിത്യ മേഖലയിലെ അഴിമതികൾ കാരണം വൈദികവൃത്തിയിൽ പ്രവേശിക്കാൻ കൂട്ടാക്കാതെയായി. യൂറോപ്പിന്റെ പല
ഭാഗത്തും മതനിന്ദയിൽ ഏർപ്പെടുന്നവരുടെ എണ്ണം വർധിച്ചു (പേജ് 15). പത്താംക്ലാസ് കഴിയുമ്പോൾ

ധാരാളം കത്തോലിക്കാ കുട്ടികൾ പുരോഹിത സന്ന്യാസ അന്തസ്സുകളിലേക്ക് തിരിയുന്ന കാലയളവ് മനസ്സിലാക്കി അവരുടെ ദൈവവിളി ഇല്ലാതാക്കി ഭാവിയിൽ കേരളത്തിലെ കത്തോലിക്കാസഭയുടെ നിലനില്പു തകർക്കാനുള്ള ഗൂഢശ്രമമാണ് ഈ പാഠഭാഗത്തുള്ളത്. മതനിന്ദ വർധിച്ചു എന്ന പരാമർശം വഴി കുട്ടികളെ മതനിന്ദ നടത്താൻ പ്രോത്സാഹിപ്പിക്കുകയാണ്. വേദപുസ്തകം നേരിട്ട് വായിക്കാനായത് സഭയിൽ നിലനിന്നിരുന്ന അഴിമതിയെയും മൂല്യച്യുതിയെയും തുറന്നുകാട്ടുന്നതിന് ജനങ്ങളെ സഹായിച്ചു എന്നും വിവരിച്ചിരിക്കുന്നു (പേജ് 16).

**മാർപാപ്പായെ അപകീർത്തിപ്പെടുത്തിയിരിക്കുന്നു**

കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ പരിശുദ്ധ പിതാവിനെയും പാഠപുസ്തകം വെറുതെ വിടുന്നില്ല. സഭയ്ക്കു സമ്പത്തുണ്ടാക്കാൻ സ്ഥാനമാനങ്ങൾ സൃഷ്ടിച്ച് കച്ചവടം നടത്തിയ കച്ചവടക്കാരനായാണ് പരിശുദ്ധപിതാവിനെ ചിത്രീകരിച്ചിരിക്കുന്നത്. പതിനാറാം നൂറ്റാണ്ടിൽ കത്തോലിക്കാസഭ ഒരു സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടു. സെന്റ് പീറ്റേഴ്സ് ദേവാലയത്തിന്റെ പുനർനിർമ്മാണം പോലുള്ള നിരവധി പദ്ധതികൾ വൻ സാമ്പത്തിക ബാധ്യതയുള്ളതായിരുന്നു. ഇത് മറികടക്കാൻ കത്തോലിക്കാസഭയിൽ മാർപാപ്പ ധാരാളം പദവികൾ സൃഷ്ടിച്ച് വിറ്റു. ഏറെ അപകീർത്തികരമായ മറ്റൊരു നടപടിയായിരുന്നു. പാപപരിഹാരവിൽപ്പന പാപപരിഹാരത്തിനുള്ള ഉപാധിയായി സാധാരണക്കാർക്ക് പാപമുക്തി പത്രം (Indulgences) വിറ്റ് സഭ പണമുണ്ടാക്കി. അധികാരദുർവിനിയോഗം വളരെയധികം വർധിച്ചു (പേജ് 15). കുമ്പസാരമെന്ന കൂദാശ എന്താണന്നോ ദണ്ഡവിമോചനം എന്താണന്നോ അറിയാൻ പാടില്ലാത്ത അജ്ഞന്മാരാണ് ഈ പാഠഭാഗം തയ്യാറാക്കിയിരിക്കുന്നത്. അറിയാൻ പാടില്ലാത്ത കാര്യങ്ങൾ പഠിച്ച് അവതരിപ്പിക്കാനുള്ള സാമാന്യ മര്യാദപോലും പാഠപുസ്തകരചയിതാക്കൾക്കുണ്ടായില്ല. കത്തോലിക്കാസഭയിലെ ശ്രേഷ്ഠമായ ഒരു കൂദാശയാണു കുമ്പസാരം. ഇതിലൂടെ പാപമോചനം പ്രാപിച്ചശേഷം വിശ്വാസികൾക്കു ലഭിക്കാവുന്ന താത്കാലികശിക്ഷയുടെ മോചനമാണു ദണ്ഡവിമോചനം. ഈ ലോകത്തിൽവച്ച് ഇവ പരിഹരിക്കാനുള്ള മാർഗമാണു ദണ്ഡവിമോചനം. രോഗം, വടി എന്നൊക്കെ അർത്ഥമുള്ള ദണ്ഡം എന്ന വാക്കാണു ദണ്ഡവിമോചനത്തിന് ആധാരമായിട്ടുള്ളത്. ദണ്ഡവിധി എന്ന വാക്കിനു ശിക്ഷാവിധി എന്നും ദണ്ഡവിമോചനം എന്നതിനു ശിക്ഷയിൽനിന്നുള്ള ഇളവ് എന്നുമാണർത്ഥം. ശിക്ഷാവിധിയിൽനിന്നു രക്ഷപ്പെട്ടു സുകൃതത്തിൽ വളരാനും ആത്മസംതൃപ്തി നേടാനുമുള്ള മാർഗമാണു ദണ്ഡവിമോചനങ്ങൾ. തീർത്ഥാടനം ഇതിൽ പ്രധാനപ്പെട്ട ഒന്നത്രേ.

പുത്തൻ ചിന്തകളെ സഭ എതിർത്തിരുന്നുവെന്നു പാഠപുസ്തകം കുറ്റപ്പെടുത്തുന്നു. പുത്തൻ ചിന്തകൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളെ സഭാവിരുദ്ധവും സദാചാരവിരുദ്ധമെന്ന് ആരോപിച്ച് കത്തോലിക്കാസഭ നിരോധിച്ചു. ഇവയുടെ പട്ടിക സൂചിക എന്നറിയപ്പെടുന്നു. ദൈവനിന്ദയെന്ന കുറ്റം വിചാരണചെയ്യാൻ സഭ ഇൻക്വിസിഷൻ ( Inquisition) എന്ന കോടതി സ്ഥാപിച്ചു. കുറ്റക്കാരെന്ന് തെളിഞ്ഞവരെ കർശനമായി ശിക്ഷിച്ചു. മിക്കവരെയും ചുട്ടുകൊന്നു (പേജ് 16). മധ്യശതകത്തിലെ രാജാക്കന്മാർ കുറ്റക്കാരെ ക്രൂരമായി ചുട്ടുകൊന്ന സംഭവങ്ങൾ വിവരിച്ച് സഭയ്ക്കെതിരെ കുട്ടികളെ തിരിച്ചുവിടാനുള്ള ഗൂഢശ്രമമാണ് ഈ വരികളിലുള്ളത്.

വിദ്യാർത്ഥികളെ നന്മയിലേക്ക് നയിക്കാനും നല്ല പൗരന്മാരായി രൂപീകരിക്കാനും സഹായിക്കുന്നതായിരിക്കണം പാഠപുസ്തകങ്ങൾ. പാഠപുസ്തകങ്ങളിൽ മതനിന്ദയും മതവിദ്വേഷവും കുത്തിനിറയ്ക്കുന്നവർ ഭാരതത്തിന്റെ ഭരണഘടനയിൽ മതേതരത്വം എഴുതി ചേർത്ത മഹാന്മാരുടെ വിശാലവീക്ഷണം പഠിക്കുകയും ഉൾക്കൊള്ളുകയും വേണം. പച്ചകണ്ണട ധരിച്ചവർ എല്ലാം പച്ചയായേ കാണൂ എന്നു പറഞ്ഞതുപോലെ നിരീശ്വരവാദപ്രത്യയശാസ്ത്രം കൊണ്ട് അന്ധത ബാധിച്ചവർക്ക് ചുറ്റും ഇരുട്ടാണ്. എവിടെ നോക്കിയാലും അവർക്ക് ഇരുട്ടുമാത്രമേ കാണാൻ സാധിക്കൂ. വിദ്യാഭ്യാസവകുപ്പിനെ കോമാളികളാക്കുന്ന ഇത്തരം പ്രത്യയശാസ്ത്രവാദികളുടെ ഗൂഢലക്ഷ്യങ്ങൾ നമ്മൾ തിരിച്ചറിയണം. വിശ്വസാഹോദര്യവും മാനവികതയും മതേതരത്വമൂല്യങ്ങളും പകർന്നു നല്കാൻ സാധിക്കുന്ന ഉദാത്തരചനകളാണ് പാഠപുസ്തകങ്ങളായി നമ്മുടെ കുട്ടികളുടെ മുന്നിൽ എത്തേണ്ടത്. നമുക്ക് ആവശ്യം ഈശ്വരവിശ്വാസവും മൂല്യബോധവും രാഷ്ട്രസ്നേഹവുമുള്ള ഉത്തമ പൗരന്മാരെയാണ്. അത്തരക്കാരെ രൂപീകരിക്കാൻ പാഠപുസ്തകങ്ങളിലൂടെ നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു.

JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA